**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1388** **11.08.2017 ൽ മറുപടിയ്ക്ക്**

## ചേലക്കരയെ തരിശുരഹിത നിയോജകമണ്ഡലമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ചേലക്കര നിയോജകമണ്ഡലം തരിശുരഹിത മണ്ഡലമാക്കി മാറ്റുന്നതിന്റെ ഭാഗമായി തരിശു കിടക്കുന്ന ഭൂമിയുടെ കണക്ക് കൃഷിഭവൻ അടിസ്ഥാനത്തിൽ തയ്യാറാക്കിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എങ്കിൽ അതുപ്രകാരം ഓരോ കൃഷിഭവന്റെയും കീഴിൽ എത്ര ഏക്കർ വീതം തരിശു ഭൂമിയുണ്ട്; | ബി) ചേലക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന 9 കൃഷിഭവന്റെ കീഴിലായി താഴെ പറയും പ്രകാരം 967 ഏക്കർ കൃഷിയോഗ്യമായ തരിശുനിലം ഉണ്ട്. |

| ബ്ലോക്ക് | കൃഷിഭവൻ | തരിശുനിലം വിസ്തീർണ്ണം (ഏക്കർ) |
|---|---|---|
| പഴയന്നൂർ | പഴയന്നൂർ | 175 |
| | കൊണ്ടാഴി | 67.5 |
| | ചേലക്കര | 115 |
| | പാഞ്ഞാൾ | 25 |
| | തിരുവില്വാമല | 80 |
| | വള്ളത്തോൾ നഗർ | 187.5 |
| വടക്കാഞ്ചേരി | ദേശമംഗലം | 182 |
| | വരവൂർ | 95 |
| | മുള്ളൂർക്കര | 40 |
| | | **967 ഏക്കർ** |

| | | |
|---|---|---|
| സി) ഇവയിൽ കൃഷി ഇറക്കി തരിശുരഹിത മണ്ഡലമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | സി) & ഡി) | കേന്ദ്ര/ സംസ്ഥാന സർക്കാർ പദ്ധതികൾ പ്രകാരം നെൽകൃഷിക്ക് നൽകുന്ന എല്ലാ സഹായങ്ങളും നെല്ലുല്പാദക ബോണസ്സും ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള സഹായങ്ങളും കർഷകർക്ക് നൽകുന്നുണ്ട്. കൃഷി ഭവൻ തലത്തിലും ബ്ലോക്ക് തലത്തിലും മീറ്റിങ്ങുകൾ സംഘടിപ്പിച്ച് ബോധവത്കരണവും അവലോകനവും നടത്തുന്നുണ്ട്.<br>നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കിക്കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30,000/- രൂപയും രണ്ടാം വർഷം 7,000/- രൂപയും നൽകുന്നു. സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉല്പാദനോപാധികളുടെ ചെലവിനായി 1,500/- രൂപ സബ്സിഡി നിരക്കിൽ നൽകുന്നു. ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെടുത്തി കൂലിചെലവ് സബ്സിഡി ഹെക്ടറൊന്നിനു 17,000/- രൂപ നൽകുന്നു. ഇതിനു പുറമേ തൃശ്ശൂർ ജില്ലയെ തരിശുരഹിത ജില്ലയാക്കി മാറ്റുവാൻ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിശദമായ കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തരിശുരഹിത മണ്ഡലമാക്കുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ കർമ്മ പരിപാടി തയ്യാറാക്കി മണ്ഡലാടിസ്ഥാനത്തിൽ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ ക്രോഡീകരിച്ച് ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനായി കൃഷി വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ചുമതല നൽകി ഉത്തരവായിട്ടുള്ളതാണ്. |
| ഡ) കൃഷി വകുപ്പ് മുഖേന എന്തെല്ലാം സഹായങ്ങൾ കർഷകർക്ക് നൽകുവാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**